**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **01-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ എൻ.സി.സി.(നാഷണൽ കാഡറ്റ് കോർ) നാഷണൽ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി. -യ്ക്ക് അനുവദിക്കുകയും, എൻ.സി.സി. -യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. -യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമാരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് 2 കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നില നിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കാൻ സാധിച്ചിട്ടില്ല. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിമൂലം കുട്ടനാട്ടിലെ ജനങ്ങൾക്കും രാജ്യത്തെ വിദ്യാർത്ഥികൾക്കും കുട്ടനാടൻ കായൽ ടൂറിസത്തിനും ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കുട്ടനാട്ടിലെയും ആലപ്പുഴ ജില്ലയിലെയും കേഡറ്റുകൾക്ക് മികച്ച പരിശീലനം നൽകുവാൻ സാധിക്കും. ടി പരിശീലന കേന്ദ്രത്തിൽ, ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനം, ക്യാമ്പ് പരിശീലനം, ജലയാത്ര പരിശീലനം, സ്കൂബ ഡൈവിംഗ്, ഫയറിംഗ് തുടങ്ങിയ സാഹസിക പരിശീലനങ്ങളും; പുനീത് സാഗർ അഭ്യാൻ, എയ്ഡ്സ് ബോധവൽക്കരണം, റോഡ് സുരക്ഷ ക്ലാസ്സുകൾ, പ്രാഥമിക സുരക്ഷ പരിശീലനങ്ങൾ, മൊബൈൽ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങിയ പ്രവർത്തനങ്ങളും |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുവാൻ സാധിക്കും. കൂടാതെ കുട്ടനാട്ടിലെ പ്രളയ സമയത്ത് അടിയന്തര ഘട്ടങ്ങളിൽ ജില്ലാ ഭരണ കൂടത്തിന് നേവൽ ട്രെയ്നിംഗ് സെന്റർ ഷെൽട്ടർ ആയി ഉപയോഗിക്കുവാനും, നേവി ഓഫീസർമാരുടെ സേവനവും, നേവിയുടെ സുരക്ഷ ഉപകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി. -യ്ക്ക് അനുവദിക്കുകയും, എൻ.സി.സി. -യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രയ്നിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. -യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയ്നിംഗ് സെന്ററിൽ ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് 2 കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നില നിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കാൻ സാധിച്ചിട്ടില്ല. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയ്നിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ